**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5691** **16-03-2023 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ പോലീസ് സ്റ്റേഷന് സുരക്ഷിതമായ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മാവോയിസ്റ്റ് ഭീഷണി ഉള്ള പോലീസ് സ്റ്റേഷനുകളുടെ ലിസ്റ്റിൽ വരുന്ന പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷന് സുരക്ഷിതമായ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ആഭ്യന്തര വകുപ്പിന് സ്ഥലം കൈമാറുന്നതിന് ചെറുപുഴ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിരുന്നു. കൃഷി ഭവനും, മൃഗാശുപത്രിയും പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥലം പോലീസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; നിലവിൽ കണ്ടെത്തിയ സ്ഥലം അനുയോജ്യമല്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ